**പതിനഞ്ചാം കേരള നിയമസഭ**

**പതിനാറാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2474** **23-02-2026-ൽ മറുപടിയ്ക്ക്**

**കോട്ടക്കൽ മണ്ഡലത്തിലെ സബ് ട്രഷറികളുടെ നിർമ്മാണം**

**ചോദ്യം ഉന്നയിച്ച അംഗങ്ങൾ** **മറുപടി നൽകിയ മന്ത്രി**

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ ശ്രീ. വി. ഡി. സതീശൻ (മുഖ്യമന്ത്രി)

**(എ)** കോട്ടക്കൽ മണ്ഡലത്തിലെ വളാഞ്ചേരി, കോട്ടക്കൽ സബ് ട്രഷറികളുടെ കെട്ടിട നിർമ്മാണവുമായി ബന്ധപ്പെട്ട് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

**മറുപടി:** തിരൂർ താലൂക്കിൽ കാട്ടിപ്പരുത്തി വില്ലേജിൽ സർവ്വേ നമ്പർ 137/4A2B പ്രകാരം ഗ്രാമവികസന വകുപ്പിന്റെ കൈവശമുള്ളതും കുറ്റിപ്പുറം ബ്ലോക്ക് പഞ്ചായത്ത് കോമ്പൗണ്ടിൽ ഉൾപ്പെട്ടതുമായ 10 സെന്റ് സ്ഥലം സബ് ട്രഷറി കെട്ടിടത്തിന് അനുയോജ്യമാണെന്ന് ബോധ്യപ്പെട്ടിട്ടുള്ളതിനാൽ ടി വസ്തു ട്രഷറി വകുപ്പിന് കൈമാറുന്നതിന് കുറ്റിപ്പുറം ബ്ലോക്ക് പഞ്ചായത്ത് പ്രമേയം പാസാക്കിയിട്ടുള്ള സാഹചര്യത്തിൽ പ്രസ്തുത സ്ഥലം ട്രഷറി വകുപ്പിന് കൈമാറുന്നതിനായി ഗ്രാമവികസന കമ്മീഷണറോട് മലപ്പുറം അസിസ്റ്റന്റ് ഡെവലപ്പ്മെന്റ് കമ്മീഷണർ അഭ്യർത്ഥിച്ചിട്ടുണ്ട്. പ്രസ്തുത വസ്തു അനുവദിച്ചു ലഭിക്കുന്ന മുറയ്ക്ക് ട്രഷറി അടിസ്ഥാന സൗകര്യ വികസന പദ്ധതിയിൽ ഉൾപ്പെടുത്തി വളാഞ്ചേരി സബ് ട്രഷറിക്ക് പുതിയ കെട്ടിടം നിർമ്മിക്കുന്നതിനുള്ള സത്വര നടപടികൾ സ്വീകരിക്കുന്നതാണ്.

കോട്ടയ്ക്കൽ സബ് ട്രഷറിക്ക് പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് കോട്ടയ്ക്കൽ സബ് രജിസ്ട്രാർ ഓഫീസിന് സമീപത്തുള്ളതും രജിസ്ട്രേഷൻ വകുപ്പിന്റെ കൈവശമുള്ളതുമായ സ്ഥലം ഉൾപ്പെടുന്ന 10 സെന്റ് വസ്തു അനുയോജ്യമാണെന്ന് കണ്ടെത്തിയിട്ടുണ്ട്. എന്നാൽ 5 സെന്റ് വസ്തു മാത്രമേ അനുവദിക്കാൻ കഴിയുകയുള്ളു എന്ന് അറിഞ്ഞതിനാൽ ടി പരിമിതമായ സ്ഥലത്ത് എല്ലാ വിധ സൗകര്യങ്ങളോടെ ആധുനിക രീതിയിലുള്ള ട്രഷറി കെട്ടിട നിർമ്മാണം സാധ്യമല്ലെന്ന് ബോധ്യപ്പെടുകയും ഉണ്ടായി. തുടർന്ന് പ്രസ്തുത സ്ഥലത്തിനോട് ചേർന്നുള്ളതും തിരൂർ താലൂക്കിൽ കോട്ടക്കൽ വില്ലേജിൽ സർവ്വേ നമ്പർ 162/3-ൽ ഉൾപ്പെട്ടതുമായ 10 സെന്റ് റവന്യൂ ഭൂമി ട്രഷറി കെട്ടിട നിർമ്മാണത്തിനായി ലഭ്യമാക്കുന്നതിന് മലപ്പുറം ജില്ലാ കളക്ടർക്ക് ജില്ലാ ട്രഷറി ഓഫീസർ അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത വസ്തു അനുവദിച്ചു ലഭിക്കുന്ന മുറയ്ക്ക് ട്രഷറി അടിസ്ഥാന സൗകര്യ വികസന പദ്ധതിയിൽ ഉൾപ്പെടുത്തി കോട്ടക്കൽ സബ് ട്രഷറിക്ക് പുതിയ കെട്ടിടം നിർമ്മിക്കുന്നതിനുള്ള സത്വര നടപടികൾ സ്വീകരിക്കുന്നതാണ്.

**(ബി)** വളാഞ്ചേരി സബ് ട്രഷറിക്ക് വേണ്ടി ഗ്രാമ വികസന വകുപ്പിന്റെ കൈവശമുള്ള ഭൂമിയും കോട്ടക്കൽ സബ് ട്രഷറിക്ക് വേണ്ടി രജിസ്ട്രേഷൻ വകുപ്പിന്റെ കൈവശമുള്ള ഭൂമിയും ലഭ്യമാക്കുന്നതിനായി വകുപ്പ് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

**<u>മറുപടി:</u>** തിരൂർ താലൂക്കിൽ കാട്ടിപ്പരുത്തി വില്ലേജിൽ സർവ്വേ നമ്പർ 137/4A2B പ്രകാരം ഗ്രാമവികസന വകുപ്പിന്റെ കൈവശമുള്ളതും കുറ്റിപ്പുറം ബ്ലോക്ക് പഞ്ചായത്ത് കോമ്പൗണ്ടിൽ ഉൾപ്പെട്ടതുമായ 10 സെന്റ് സ്ഥലം സബ് ട്രഷറി കെട്ടിടത്തിന് അനുയോജ്യമാണെന്ന് ബോധ്യപ്പെട്ടിട്ടുള്ളതിനാൽ ടി വസ്തു ട്രഷറി വകുപ്പിന് കൈമാറുന്നതിന് കുറ്റിപ്പുറം ബ്ലോക്ക് പഞ്ചായത്ത് പ്രമേയം പാസാക്കിയിട്ടുള്ള സാഹചര്യത്തിൽ പ്രസ്തുത സ്ഥലം ട്രഷറി വകുപ്പിന് കൈമാറുന്നതിനായി ഗ്രാമവികസന കമ്മീഷണറോട് മലപ്പുറം അസിസ്റ്റന്റ് ഡെവലപ്പ്മെന്റ് കമ്മീഷണർ അഭ്യർത്ഥിച്ചിട്ടുണ്ട്. പ്രസ്തുത വസ്തു അനുവദിച്ചു ലഭിക്കുന്ന മുറയ്ക്ക് ട്രഷറി അടിസ്ഥാന സൗകര്യ വികസന പദ്ധതിയിൽ ഉൾപ്പെടുത്തി വളാഞ്ചേരി സബ് ട്രഷറിക്ക് പുതിയ കെട്ടിടം നിർമ്മിക്കുന്നതിനുള്ള സത്വര നടപടികൾ സ്വീകരിക്കുന്നതാണ്.

കോട്ടയ്ക്കൽ സബ് ട്രഷറിക്ക് പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് കോട്ടയ്ക്കൽ സബ് രജിസ്ട്രാർ ഓഫീസിന് സമീപത്തുള്ളതും രജിസ്ട്രേഷൻ വകുപ്പിന്റെ കൈവശമുള്ളതുമായ സ്ഥലം ഉൾപ്പെടുന്ന 10 സെന്റ് വസ്തു അനുയോജ്യമാണെന്ന് കണ്ടെത്തിയിട്ടുണ്ട്. എന്നാൽ 5 സെന്റ് വസ്തു മാത്രമേ അനുവദിക്കാൻ കഴിയുകയുള്ളു എന്ന് അറിഞ്ഞതിനാൽ ടി പരിമിതമായ സ്ഥലത്ത് എല്ലാ വിധ സൗകര്യങ്ങളോടെ ആധുനിക രീതിയിലുള്ള ട്രഷറി കെട്ടിട നിർമ്മാണം സാധ്യമല്ലെന്ന് ബോധ്യപ്പെടുകയും ഉണ്ടായി. തുടർന്ന് പ്രസ്തുത സ്ഥലത്തിനോട് ചേർന്നുള്ളതും തിരൂർ താലൂക്കിൽ കോട്ടക്കൽ വില്ലേജിൽ സർവ്വേ നമ്പർ 162/3-ൽ ഉൾപ്പെട്ടതുമായ 10 സെന്റ് റവന്യൂ ഭൂമി ട്രഷറി കെട്ടിട നിർമ്മാണത്തിനായി ലഭ്യമാക്കുന്നതിന് മലപ്പുറം ജില്ലാ കളക്ടർക്ക് ജില്ലാ ട്രഷറി ഓഫീസർ അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത വസ്തു അനുവദിച്ചു ലഭിക്കുന്ന മുറയ്ക്ക് ട്രഷറി അടിസ്ഥാന സൗകര്യ വികസന പദ്ധതിയിൽ ഉൾപ്പെടുത്തി കോട്ടക്കൽ സബ് ട്രഷറിക്ക് പുതിയ കെട്ടിടം നിർമ്മിക്കുന്നതിനുള്ള സത്വര നടപടികൾ സ്വീകരിക്കുന്നതാണ്.

**സെക്ഷൻ ഓഫീസർ**